(എ) കോന്നി നിയോജകമണ്ഡലത്തിലെ പോത്തുപാറ കോളനിയിലേയ്ക്ക് വൈദ്യുതി എത്തിക്കാനുള്ള നടപടി ഏതവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ;

(ബി) വനം വകുപ്പിന്റെ അനുമതിക്കായി എന്നാണ് റിവൈസ്ഡ് പ്രൊഫോർമയിൽ അപേക്ഷ സമർപ്പിച്ചത്;

(സി) ഇതിൻപ്രകാരം വനംവകുപ്പ് സ്വീകരിച്ച നടപടി എന്താണെന്ന് വൈദ്യുതി വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) പോത്തുപാറ കോളനിയിലേയ്ക്ക് വൈദ്യുതി എത്തിക്കാനാവശ്യമായ അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) പോത്തുപാറ ഹരിജൻ കോളനി വൈദ്യുതീകരിക്കുന്നതിന് ലൈൻ വലിക്കാൻ വനം വകുപ്പിന്റെ അനുമതിയ്ക്കായി, കോന്നി ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) 16.6.1999-ൽ

(സി) ഇല്ല.

(ഡി) വനംവകുപ്പിന്റെ അനുമതി ലഭിച്ചാൽ അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

88 (1938) ഫീഡർ മാറ്റി ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കുന്ന നടപടി

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാല ലോഡ്ഷെഡ്ഡിംഗ് ഏതെങ്കിലും വ്യക്തികളുടെ സൗകര്യത്തിനായി ഫീഡർ മാറ്റി ഒഴിവാക്കാൻ അനുവാദം നൽകാറുണ്ടോ;

(ബി) ഇത്തരത്തിൽ സൗകര്യം ചെയ്തു കൊടുത്തതായി തിരുവനന്തപുരം ജില്ലയിൽ നിന്നും എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ;

(സി) തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസിലെ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ വസതിയിലെ ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കാൻ ഫീഡർ മാറ്റിക്കൊടുത്തതായി വിജിലൻസ് വിഭാഗം കണ്ടെത്തിയതായി അറിവുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി)&(ഇ) ഇക്കാര്യം ബോർഡ് പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly